"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - ജീവനക്കാര്യം - ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായ ശ്രീ.യു.വി.ജോസിന് വിദേശ യാത്ര നടത്തുന്നതിനുള്ള അനുമതി നല്കിയും ടി കാലയളവിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല ഡോ. ദിനേശൻ ചെറുവത്ത് (ഡയറക്ടർ, റൂറൽ)-ന് നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.971/2025/LSGD തീയതി,തിരുവനന്തപുരം, 16-04-2025

പരാമർശം:- 1. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.03.2025 തീയതിയിലെ എസ്.എം/40/2025-ബി നമ്പർ കത്ത്.

**ഉത്തരവ്**

ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായ ശ്രീ. യു. വി. ജോസ് ഐ.എ.എസ്(റിട്ട)-ന് വ്യക്തിപരമായ ആവശ്യങ്ങൾക്ക് വിദേശയാത്ര നടത്തുന്നതിന് 21/04/2025 മുതൽ 05/05/2025 വരെ 15 ദിവസത്തെ ആർജ്ജിതാവധിയും അതിനെ തുടർന്ന് 06/05/2025 മുതൽ 17/05/2025 വരെ 12 ദിവസത്തെ അവധി ഉൾപ്പെടെ ആകെ 27 ദിവസത്തെ അവധിയും അതോടൊപ്പം വിദേശയാത്രയ്ക്കുള്ള അനുമതിയും നല്കണമെന്നും, ടിയാൻ അവധി കഴിഞ്ഞ് മടങ്ങിവരുന്നതുവരെയുള്ള കാലയളവിൽ മറ്റൊരു ഉദ്യോഗസ്ഥന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം ഡയറക്ടർ (ഓപ്പറേഷൻസ്) അപേക്ഷിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായ ശ്രീ. യു. വി. ജോസ് ഐ.എ.എസ്(റിട്ട)-ന് വ്യക്തിപരമായ ആവശ്യങ്ങൾക്ക് വിദേശയാത്ര നടത്തുന്നതിന് അനുമതിയും ആയതിലേക്ക് സമർപ്പിച്ച 21/04/2025 മുതൽ 05/05/2025 വരെ 15 ദിവസത്തെ ആർജ്ജിതാവധിയും അതിനെ തുടർന്ന് 06/05/2025 മുതൽ 17/05/2025 വരെ 12 ദിവസത്തെ അവധി ഉൾപ്പെടെ ആകെ 27 ദിവസത്തെ അവധി അർഹതയ്ക്ക് വിധേയമായി തത്വത്തിൽ അംഗീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

3) ശ്രീ. യു. വി. ജോസ് ഐ.എ.എസ്(റിട്ട) അവധി കഴിഞ്ഞ് മടങ്ങിവരുന്നതുവരെയുള്ള കാലയളവിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല ഡോ. ദിനേശൻ ചെറുവത്ത് ഐ.എ.എസ് (ഡയറക്ടർ, റൂറൽ)-ന് നല്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
ഡോ. ദിനേശൻ ചെറുവത്ത് ഐ.എ.എസ്, ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(File No.IA3/50/2025-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 19-04-2025 12:00:02